# അല്പം കോളിവുഡ് വിശേഷം

ബിജു.എസ്.ബാലൻ

ആഗസ്റ്റ് 12ലെ ഹിന്ദു ദിനപത്രത്തിൽ ഒരു 23-ാം ചരമവാർഷികപരസ്യം വന്നു. എ.വി. മെയ്യപ്പൻ എന്നയാളുടെ 23-ാം ചരമവാർഷികത്തിൽ കുടുംബാംഗങ്ങൾ പ്രസിദ്ധപ്പെടുത്തിയ പരസ്യം തെക്കെ ഇന്ത്യയുടെ ഹോളിവുഡായ കോളിവുഡിലുള്ളവന് എളുപ്പം തിരിച്ചറിയാം. AVM PRODUCTIONS എന്ന ലോഗൊ കാണുമ്പോൾ തെക്കെ ഇന്ത്യയിലെ സിനിമാപ്രേമികളും ആളെ തിരിച്ചറിയുന്നു. ഹോളിവുഡിലെ ട്വെന്റീത് സെഞ്ചുറി ഫോക്സ് ( Twenteith Century Fox) എന്ന കമ്പനിയുമായാണ് എ.വി.എം എന്ന സിനിമാനിർമ്മാണക്കമ്പനിയെ പലരും താരതമ്യം ചെയ്യാറ്. എ.വി.എം തയ്യാറാക്കുന്ന ചിത്രങ്ങൾ മോശമാവില്ലെന്ന ഒരു ധാരണ കാഴ്ചക്കാരിലെത്തിക്കാൻ കഴിഞ്ഞതാണ് ഇതിനു കാരണമായി പറയാറ്. തമിഴിലെ കഴിഞ്ഞ വർഷത്തെ ഏക സാമ്പത്തികഹിറ്റായ 'ജെമിനി' എന്ന ചിത്രം എ.വി.എം നിർമ്മിച്ചതാണ്. പരിചിതമായ പശ്ചാത്തലസംഗീതത്തോടെ നിർമ്മാണക്കമ്പനിയുടെ പേര് സ്ക്രീനിൽ വരുമ്പോൾ തിയ്യറ്ററിൽ കയ്യടി നേടാൻ കഴിഞ്ഞിരുന്ന അപൂർവം കോളിവുഡ് നിർമ്മാണക്കമ്പനിയായ എ.വി.എം. ഇന്നുമുണ്ട്.

കയ്യടി നേടുന്നവരെക്കുറിച്ചല്ല, കയ്യടിക്കുന്നവരെക്കുറിച്ചാണ് ശ്രദ്ധിക്കേണ്ടത്. ഇരുപതാം നൂറ്റാണ്ടിലെ ഒരു കല ഒരു സമൂഹത്തെത്തന്നെ നിയന്ത്രിക്കുന്ന കാഴ്ചയാണ് തമിഴ് നാട്ടിന്റേത്. തമിഴ് നാടിന്റെ ചെറിയ ചെറിയ മൂലകളിലെ തീയ്യറ്ററുകളിൽ നിന്നുള്ള കയ്യടികൾ ഒരു ചലച്ചിത്ര താരത്തിനെ ചെന്നൈയിലെ സെക്രട്ടറിയേറ്റിൽ പരമോന്നത പദവിയിൽ എത്തിച്ചത് ചരിത്രമാണ്. അതുകൊണ്ടുതന്നെയാവണം സിനിമയിലെ രാഷ്ട്രീയത്തിനേക്കാൾ രാഷ്ട്രീയത്തിൽ സിനിമക്കുള്ള പങ്കിനെക്കുറിച്ച് മാധ്യമങ്ങൾ ചർച്ച ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ സിനിമയുടെ തുടക്കവും ഒടുക്കവും നിർണ്ണയിക്കുന്ന തിയ്യറ്ററുകൾ എന്ന സ്ഥാപനങ്ങൾക്ക് ചെന്നൈ നഗരത്തിന്റെ രാഷ്ട്രീയത്തിനെക്കുറിച്ച് ചിലതെങ്കിലും പറയാനുണ്ടാകം.

മുപ്പതോളം എ ക്ലാസ് തിയ്യറ്റുകളുണ്ട് ചെന്നൈ നഗരത്തിന്റെ അതിർത്തിക്കുള്ളിൽ. തമിഴ് മാത്രമല്ല ഇംഗ്ലീഷ്, ഹിന്ദി, തെലുങ്ക്, മലയാളം എന്നീ ഭാഷാ ചിത്രങ്ങളും പല പല തിയ്യറ്ററുകളിലായി പ്രദർശനത്തിനെത്തുന്നു. ഇവയുടെയൊന്നും ടിക്കറ്റ് നിരക്ക് അന്വേഷിച്ച് പോകേണ്ടതില്ല. കെട്ടിടത്തിന്റെ ഭംഗിയനുസരിച്ച് ഒരാൾക്ക് പരമാവധി 90 രൂപ വരെ ടിക്കറ്റ് ചാർജ് ഈടാക്കാൻ അനുവാദമുണ്ട്. ഇങ്ങനെ മൂന്ന് മണിക്കൂറോളം വരുന്ന വിനോദത്തിന് 90 രൂപ കൊടുക്കാൻ തയ്യാറുള്ളവർ ധാരാളമുണ്ടെന്നതിന്റെ തെളിവാണ് 'ഹൗസ് ഫുൾ' ബോർഡുകൾ. പണത്തിന് പുല്ലുവില കല്പിച്ച് ചിരിച്ച് കളിച്ച് ഇറങ്ങിപ്പോകുന്നവരെപ്പറ്റി പറയാൻ ഒരു രാഷ്ട്രീയമേയുള്ളൂ. നേരംപോക്കിന്റെ രാഷ്ട്രീയം. സാമൂഹ്യകാര്യങ്ങളെക്കുറിച്ച് സ്വന്തം ദേഹത്തിനപ്പുറത്തേക്ക് ആലോചിക്കാൻ മെനക്കെടാത്ത ഒരു വിഭാഗമാണ് നഗരത്തിന്റെ നിലനില്പിനാവശ്യം.

**ചെന്നൈ വിശേഷം**

ക്രീമിലെയർ എന്നു വിളിക്കാവുന്ന ഈ വിഭാഗം തിയ്യറ്ററുകൾ നൽകുന്നത് ചെറിയൊരു ശതമാനത്തിന്റെ ചിത്രമാണ്. ഭൂരിപക്ഷത്തിനെ നിയന്ത്രിക്കുന്ന ന്യൂനപക്ഷത്തിന്റെ സമീപനം. പക്ഷെ, രക്തത്തിൽ സിനിമയുള്ള തമിഴൻ ചെന്നൈയിൽ വന്നാലും സിനിമ മറക്കുമോ? ഇതന്വേഷിച്ചാലേ കാര്യങ്ങൾ ഒന്നു കൂടി വ്യക്തമാകൂ. കൊച്ചു തിയ്യറ്ററുകളിൽ ഭിക്ഷക്കാരും ഓട്ടോക്കാരുമെല്ലാം പതിനഞ്ചും പത്തും രൂപ കൊടുത്ത് കയ്യടിക്കുന്നുണ്ട്. നഗരത്തിലെ ഒരു ബി ക്ലാസ് തിയ്യറ്ററായ കാമധേനുവിൽ ഒരു സിനിമ കളിക്കുന്നുണ്ട്. 'അരശു കട്ടളൈ' എന്ന എം.ജി.ആർ സിനിമ ഇറങ്ങിയ കാലം അറിയണമെങ്കിൽ അപ്പൂപ്പന്മാരോട് ചോദിക്കണം. കര്യം മനസ്സിലായോ? ഒരു ഭാഗത്ത് എം.ജി.ആറിന്റെയും ജയലളിതയുടെയും സിനിമകൾക്ക് വിസിലടിച്ച് ഇപ്പോഴും ആളുകൾ നീങ്ങുന്നു. ഈ രണ്ടു പാതയിലേക്കും ആളുകളെ കൃത്യമായി തിരിച്ചുവിടുന്നതിനാണ് പ്രായോഗികരാഷ്ട്രീയം എന്നു പറയുന്നത്. തിയ്യറ്ററുകൾ അടച്ചു പൂട്ടലല്ല, ഭരണത്തിൽ വരുമ്പോൾ പാർട്ടി പണമെടുത്ത് തിയ്യറ്റർ തുറന്ന് ശ്രദ്ധയോടെ സിനിമകൾ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കലാണ് നടക്കുന്നത്.

ഒരു ആധുനിക നഗരത്തിനെ സംബന്ധിച്ച് സിനിമയും തിയ്യറ്ററും ഒഴിവാക്കാൻ പറ്റാത്ത സാമൂഹ്യഘടകമാണ്. തമിഴ് നാട് രാഷ്ട്രീയത്തിൽ സിനിമയുടെ സ്ഥാനം അറിയുന്നവർക്ക് ചെന്നൈയിലെ തിയ്യറ്ററുകളെ ഒഴിവാക്കാൻ പറ്റില്ല. ചെന്നൈ മഹാനഗരത്തിലെ രാഷ്ട്രീയത്തിനെപ്പറ്റിയും സംസ്കാരത്തിനെപ്പറ്റിയും നിരീക്ഷിക്കുന്നവർ അസ്വസ്ഥരാകേണ്ടത് തിയ്യറ്ററുകളിലെ കൂക്കിവിളിയും വിസിലടിയും കണ്ടാവരുത്. മറിച്ച് ഹൗസ് ഫുള്ളാകുമ്പോഴും നിശ്ശബ്ദമാകുന്ന തിയ്യറ്റർ ഉൾവശങ്ങളെപ്പറ്റിയാണ്.